## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
## മുഖ്യപരിസ്ഥിതി എഞ്ചിനീയറുടെ നടപടിക്രമം
*(ഹാജർ: ശ്രീമതി. സിന്ധു രാധാകൃഷ്ണൻ)*

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മേഖലാ ഓഫീസ്, തിരുവനന്തപുരം - ജീവനക്കാര്യം - ബഹു: ദേശീയ ഹരിത ട്രിബ്യൂണൽ O.A No.606/2018 പ്രകാരം മോഡൽ സിറ്റി പ്രോജക്ടിനുവേണ്ടി ടെക്നിക്കൽ അസിസ്റ്റന്റ്മാരെ തെരഞ്ഞെടുക്കുന്നത് - സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
മേഖലാ ഓഫീസ്, തിരുവനന്തപുരം

നമ്പർ. പിസിബി/ആർഒ/ടിവിഎം/ഇഎസ്എസ്റ്റി പോസ്റ്റിംഗ്/2016 തിരുവനന്തപുരം, തീയതി: 22/07/2019.

പരാമർശം: 1) ബഹു: ദേശീയ ഹരിത ട്രിബ്യൂണൽ ഓർഡർ O.A No.606/2018 തീയതി:25/04/2019.
2) ജി.ഒ. (ആർ.റ്റി) നമ്പർ 45/2019/ഇഎൻവിറ്റി തീയതി 31/05/2019.
3) 17/07/2019 തീയതിയിൽ പത്തനംതിട്ടജില്ലാ ഓഫീസിൽ നടന്ന അഭിമുഖം.

### ഉത്തരവ്

ബഹു: ദേശീയ ഹരിത ട്രിബ്യൂണലിന്റെ സൂചന (1) പ്രകാരം മോഡൽ സിറ്റി/ടൗൺ/വില്ലേജുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി സിറ്റി/ടൗൺ/വില്ലേജ് എന്നിവ തെരഞ്ഞെടുത്ത് മോഡൽ സിറ്റി/ടൗൺ/വില്ലേജ് എന്നീ പരിസ്ഥിതി നിയമങ്ങൾ പാലിച്ച് ആയത് നടപ്പിലാക്കുന്നതിന്റെ ചുമതല സർക്കാർ ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിൻപ്രകാരം 01/07/2019-ൽ മെമ്പർ സെക്രട്ടറി യുടെ ചേമ്പറിൽ കൂടിയ മീറ്റിംഗിൽ 6 മാസത്തേയ്ക്ക് 2 ടെക്നിക്കൽ അസിസ്റ്റന്റുമാരെ പത്തനംതിട്ട ജില്ലാ ഓഫീസിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള തീരുമാനമെടുക്കുകയുണ്ടായി. മോഡൽ സിറ്റി/ടൗൺ/പഞ്ചായത്ത് എന്നിവയുടെ ഇൻവെന്ററൈസേഷൻ/വാർഷിക റിപ്പോർട്ട് സമർപ്പിക്കൽ/പ്രോഗ്രസ് റിപ്പോർട്ട്/ഇൻസ്പെക്ഷൻ/മോണിറ്ററിംഗ് തുടങ്ങിയവയ്ക്ക് വേണ്ടി ബി.ടെക് ഡിഗ്രി സിവിൽ/കെമിക്കൽ യോഗ്യതയുള്ളവരെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ 6 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപ മൊത്ത വേതനത്തിൽ 6 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ജോലിക്ക് ഹാജരാകുന്ന സമയത്ത് നിശ്ചിത മാതൃകയിലുള്ള ബോണ്ട് 200/- രൂപ സ്റ്റാമ്പ് പേപ്പറിൽ സമർപ്പിക്കണം.

| Sl. No. | Name and Address | Name of office |
|---|---|---|
| 1. | Jojin. C. Mathew,<br>Cheriyil House,<br>Vazhamuttom. P.O., Omalloor,<br>Pathanamthitta-689 647. | Kerala State Pollution Control Board,<br>Pathanamthitta District Office,<br>Kunnithottathil Buildings,<br>Opposite to General Hospital,<br>Pathanamthitta – 689 645. |
| 2. | Jojo. Y. George,<br>St. Bernabas,<br>CSI Church,<br>Ennooramvayal,<br>Vechoochira. P.O., Pin-686 511. | Kerala State Pollution Control Board,<br>Pathanamthitta District Office,<br>Kunnithottathil Buildings,<br>Opposite to General Hospital,<br>Pathanamthitta – 689 645. |

ടിയാളുടെ സേവനം തികച്ചും താല്ക്കാലിക അടിസ്ഥാനത്തിലായിരിക്കും. ടിയാളുടെ കർത്തവ്യവും സ്വഭാവവും തൃപ്തികരമല്ലെന്ന് കണ്ടെത്തിയാൽ നിയമനം റദ്ദുചെയ്യുന്നതാണ്. ഈ കോൺട്രാക്ട് നിയമനം കൊണ്ട് ബോർഡിന്റെ സർവ്വീസിൽ റഗുലറൈസ് ചെയ്ത് കിട്ടാനോ ഭാവിയിൽ ബോർഡിലെ റഗുലർ നിയമനത്തിന് അവകാശം ഉണ്ടായിരിക്കുകയോ ചെയ്യുന്നതല്ല.

കോൺട്രാക്ട് നിയമന വ്യവസ്ഥകളും നിബന്ധനകളും അംഗീകരിക്കുന്നപക്ഷം നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ പത്തനംതിട്ട ജില്ലാ കാര്യാലയ മേലധികാരിക്ക് മുമ്പാകെ ഫോട്ടോ ഐ ഡി, വിദ്യാഭ്യാസ യോഗ്യത, വയസ്, ജാതി എന്നിവയുടെ അസ്സൽ രേഖകളുമായി ഹാജരാകേണ്ടതാണ്. അതോടൊപ്പം നിശ്ചിത മാതൃകയിലുള്ള ബോണ്ടും സമർപ്പിക്കേണ്ടതാണ്.

അംഗീകൃത ഗവൺമെന്റ് ഡോക്ടറിൽനിന്നുള്ള യോഗ്യതാ സർട്ടിഫിക്കറ്റും, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ഹാജരാക്കാത്തപക്ഷം ഈ നിയമന ഉത്തരവ് റദ്ദ് ചെയ്തതായി കണക്കാക്കുന്നതും, നിയമനത്തിന് താങ്കൾക്ക് വീണ്ടും അവകാശം ഉന്നയിക്കാൻ അർഹത ഉണ്ടായിരിക്കുന്നതുമല്ല. ബോണ്ടിന്റെ മാതൃക ബോർഡിന്റെ വെബ്ബ്സൈറ്റ് **"www.keralapcb.nic.in"** ൽ ലഭ്യമാണ്.

**ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ**

ബന്ധപ്പെട്ട വ്യക്തികൾക്ക്
ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ, മുഖ്യകാര്യാലയം/മേഖലാ കാര്യാലയം/ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്.
എൻവയോൺമെന്റൽ എഞ്ചിനീയർ, ജില്ലാ ഓഫീസ്, പത്തനംതിട്ട
ഐ റ്റി സെൽ
അക്കൗണ്ട്സ് ഓഫീസർ
ചെയർമാൻ/മെമ്പർ സെക്രട്ടറി എന്നിവരുടെ സി എ മാർക്ക്
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

KERALA STATE POLLUTION CONTROL BOARD
REGIONAL OFFICE
THIRUVANANTHAPURAM